## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4272

21.07.2015-ൽ മറുപടിക്ക്

## പാറഖനനത്തിന് ലൈസൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് കൃഷ്ണൻ നായർ | ഡോ: എം.കെ. മുനീർ (പഞ്ചായത്തും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിൽ മൂക്കുന്നിമലയിൽ പാറഖനനത്തിന് എത്ര പേർക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) മൂക്കുന്നിമലയിൽ പാറഖനനം നടത്തുന്നതിന് 3 പേർക്ക് പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ നിന്നും ഡി & ഒ ലൈസൻസ് നൽകിയിട്ടുന്നെും പൊതു ജനങ്ങളിൽ നിന്നും വ്യാപകമായ പരാതികൾ ലഭിച്ച സാഹചര്യത്തിൽ ഈ സ്ഥാപന-ങ്ങൾക്ക് നൽകിയ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് 09.07.2015 - ലെ പഞ്ചായത്ത് കമ്മിറ്റി 4-ാം നമ്പരായി തീരുമാനിക്കുകയും തുടർന്ന് ഗ്രാമ -പഞ്ചായത്ത് സെക്രട്ടറി ലൈസൻസികൾക്ക് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) ലൈസൻസ് നൽകിയ പാറമടകൾക്കെല്ലാം മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതി ലഭിച്ചിരുന്നോ; അനുമതി ഇല്ലാത്തവ എത്ര; വ്യകത്മാക്കാമോ; | (ബി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതി പത്രം മേൽ പരാമർശിച്ചിട്ടുള്ള 3 പാറമടകൾക്കും ലഭ്യമായിട്ടുണ്ട്. |
| (സി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സ്റ്റോപ്പ് മെമ്മോ നൽകിയ പാറമടകൾക്ക് പഞ്ചായത്ത് പാറഖനനത്തിനുള്ള ലൈസൻസ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ സ്റ്റോപ്പ് മെമ്മോ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടില്ലെന്ന് തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | ചട്ടവിരുദ്ധമായി ലൈസൻസ് നൽകിയ ഉദ്യോഗസ്ഥൻ ആരെല്ലാമാണ്; അവർക്കെതിരെ വകുപ്പ്തല നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | ഇക്കാര്യത്തിൽ<br>1. ശ്രീ. ജെ. ആൽബർട്ട്, സെക്രട്ടറി, പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് (31.10.2013- ൽ സർവ്വീസിൽ നിന്നും വിരമിച്ചു)<br>2. ശ്രീ. ജെ. നോയൽ രാജ്,സെക്രട്ടറി, പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്<br>3. ശ്രീ. ജി.എസ്. അജയകുമാർ, വില്ലേജ് ഓഫീസർ, പള്ളിച്ചൽ<br>4. ശ്രീ. ആർ. ഗോപകുമാർ, ജില്ലാ ജിയോളജിസ്റ്റ്, മൈനിംഗ് ജിയോളജി വകുപ്പ് എന്നിവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ശ്രീ. ആൽബർട്ടിനെ 26.10.2013 ലെ സ.ഉ. (സാധാ)നം. 2626/2013/തസ്വഭവ പ്രകാരം സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്യുകയും 31.10.13 ലെ സ.ഉ(സാധാ) 2672/2013/തസ്വഭവ പ്രകാരം സർവ്വീസിൽ പുനഃ-പ്രവേശിപ്പിക്കുകയും ചെയ്തു. ടിയാൻ 31.10.13 ന് സേവനത്തിൽ നിന്നും വിരമിച്ചു. ടിയാനെതിരെ KSR Part III ചട്ടം 3 (ബി) പ്രകാരം |

നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പെൻഷനിൽ നിന്നും 500/- രൂപ വീതം സ്ഥിരമായി കുറവ് ചെയ്യുന്നതിന് താത്കാലികമായി തീരുമാനിച്ച് 6.5.14 ലെ 66371/ഇപിബി2/13/തസ്വഭവ പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. ടി വിഷയത്തിൽ പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് ശ്രീ. കെ. രാകേഷ്, സെക്രട്ടറി-മാരായിരുന്ന ശ്രീ. ആൽബർട്ട്, ശ്രീ. നോയൽ രാജ്, വില്ലേജ് ആഫീസർ ശ്രീ. അജയകുമാർ, ജില്ലാ ജിയോളജിസ്റ്റ് ശ്രീ. ആർ ഗോപകുമാർ എന്നിവർക്കെതിരെ VC3/2014/SIV-II പ്രകാരം വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ